**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6267** **10-07-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ജലസേചന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന പമ്പ ജലസേചന പദ്ധതിയുടെ കനാൽ വിവിധയിടങ്ങളിൽ തകർന്ന് കിടക്കുന്നതും കാട്ടുപിടിച്ചു കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കനാൽ നവീകരിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ; | (ബി) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാൽ നവീകരിക്കുന്നതിനു വേണ്ടി പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. കനാലിന്റെ മണ്ണ് മാറ്റുന്നതിനും കാട് വെട്ടുന്നതിനുമുള്ള പ്രവൃത്തികൾ 2024-25 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മാവേലിക്കര മണ്ഡലത്തിലൂടെ കടന്ന് പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാൽ വിവിധയിടങ്ങളിൽ തകർന്ന് കിടക്കുന്നതും കാട് പിടിച്ച് കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കനാൽ നവീകരിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കുമോ? | (ഡി) | കനാൽ നവീകരണത്തിനു വേണ്ട വിശദമായ പദ്ധതി രൂപരേഖ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 2024-25 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ